**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 144** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷീരമേഖലയുടെ സമഗ്രവികസനത്തിന് നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നാട്ടകം സുരേഷ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** ക്ഷീരമേഖലയുടെ സമഗ്രവികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

**<u>മറുപടി:</u>**

ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിനായി ക്ഷീ രവികസന വകുപ്പിൻ്റെ വാർഷിക പദ്ധതിയിലുൾപ്പ ടുത്തി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മിൽക്ക്ഷെഡ് ഡെവലപ്മെൻ്റ് പ്രോഗ്രാം (M SDP), തീറ്റപ്പുൽകൃഷി വികസന പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും അഡ്വൈസറി സർവ്വീസും, സബ്സിഡി | നിരക്കിൽ കാലിത്തീറ്റ വിതരണ പദ്ധതി, ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം എന്നീ ശീർഷകങ്ങളിലായി വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ വഴി ക്ഷീരകർഷകർക്കുള്ള പരിശീലന പരിപാടികളും,ക്ഷീരവികസന യൂണിറ്റുകൾ മുഖേന കർഷക സമ്പർക്ക പരിപാടി കളും നടത്തുന്നുണ്ട്.

കൂടാതെ കർഷകക്ഷേമം, മൃഗാരോഗ്യ സംരക്ഷണം, ഉൽപ്പാദനവർധന, സാമ്പത്തിക സുരക്ഷ, ആധുനികവൽക്കരണം, അടിസ്ഥാനസൗകര്യ വികസനം, പരിശീലനം, സാങ്കേതിക നവീകരണം എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ മിൽമയും നടപ്പിലാക്കുന്നുണ്ട്.

**(ബി)** ക്ഷീരകർഷകർക്ക് അർഹമായ പ്രതിഫലം ഉറപ്പാക്കുന്നതിനും കൃഷിചെലവ് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സഹകരണ മേഖലയിൽ ഏറ്റവും കൂടുതൽ പാൽ വില നിലവിൽ നൽകുന്നത് കേരളത്തിലാണ്. ക്ഷീരകർഷകർക്ക് ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണനിലവാരം അനുസരിച്ച് അർഹമായ വില ലഭിക്കുന്നുണ്ട്. 2026 ജൂൺ 1 ന് നിലവിൽ വന്ന നാല് രൂപാ നിരക്കിലുള്ള പാൽവില വർധനവിൽ 3.35 രൂപ ക്ഷീരകർഷകന് ലഭിക്കത്തക്ക രീതിയിലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ഉൽപ്പാദന ചെലവ് കുറയ്ക്കു ന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന "കാലിത്തീറ്റ സബ്സിഡി" പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ നിർവഹണ ഉദ്യോഗസ്ഥരായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന പാലിന് സബ്സിഡി, കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**(സി)** ക്ഷീരോല്പാദനത്തിൽ സംസ്ഥാനം സമ്പൂർണമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ക്ഷീരകർഷകർക്ക് സാമ്പത്തിക സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കികൊണ്ട് സംസ്ഥാനത്ത് പാലുൽ പ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (M S D P), തീറ്റപ്പുൽകൃഷി വികസന പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് . വകുപ്പ് 2026-27 സാമ്പത്തിക വർഷം മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 36.37 കോടി രൂപയും തീറ്റപ്പുൽ കൃഷി വികസന പദ്ധതിക്കായി 8.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**